ഭാഷയിലും സംസ്കാരത്തിലും മൊബൈൽ ഫോൺ: ഇടപെടലും പ്രസക്തിയും

ആധുനികമനുഷ്യരുടെ സംസ്കാരത്തിലും ജീവിതത്തിലും അഭേദ്യബന്ധം പുലർത്തുന്ന ഇലക്ട്രോണിക് ഉപകരണമാണ് മൊബൈൽ ഫോൺ. ആശയവിനിമയോപാധി എന്നതിനപ്പുറം ജനങ്ങളുടെ വൈയക്തികവും സാമൂഹികവുമായ ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഉപകരണമായി ഇത് മാറിയിരിക്കുന്നു. ശബ്ദ-ലിഖിത രൂപത്തിലുള്ള ആശയവിനിമയവും വിവരകൈമാറ്റവുമാണ് ഇതിന്റെ മുഖ്യധർമ്മം. മാധ്യമസമന്വയത്തിന്റെ ഫലമായി സങ്കീർണ്ണ മാധ്യമമായി രൂപാന്തരപ്പെട്ട മൊബൈൽ ഫോൺ ഇന്ന് ആശയവിനിമയ സാങ്കേതികവിദ്യ/ ഉപകരണം എന്നതിനപ്പുറം ജനങ്ങളുടെ തൊഴിൽ, വിശ്രമം, വിനോദം, വിദ്യാഭ്യാസം, സാമൂഹികവും കുടുംബപരവുമായ ബന്ധങ്ങൾ തുടങ്ങി നിത്യജീവിതത്തിന്റെ എല്ലാ മേഖലകളിലും വലിയ പങ്കുവഹിക്കുന്നു. ഇതിന്റെ ഫലമായി മൊബൈൽ ഫോണിനെ അടിസ്ഥാനപ്പെടുത്തിയ ജീവിതരീതി ക്രമീകരിക്കാൻ ഉപഭോക്താക്കൾ നിർബന്ധിതരാകുന്നു. സാംസ്കാരിക സ്വത്വത്തെ ഇന്ന് അടയാളപ്പെടുത്തുന്നത് മൊബൈൽ ഫോണിനെ കേന്ദ്രീകരിച്ചാണ്. മനുഷ്യജീവിതവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന മൊബൈൽ ഫോണിന്റെ ഇടപെടലും പ്രസക്തിയും ഭാഷയിലും സംസ്കാരത്തിലും എത്രത്തോളമുണ്ടെന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിൽ മുഖ്യമായും നിർവ്വഹിച്ചിരിക്കുന്നത്. നവമാധ്യമങ്ങളുടെ വികസിതരൂപം അല്ലെങ്കിൽ തുടർച്ച എന്ന നിലയിലാണ് മൊബൈൽ ഫോൺ കടന്നുവരുന്നത്. നവമാധ്യമങ്ങളും മൊബൈൽ ഫോണും കേന്ദ്രീകരിച്ച് അക്കാദമിക രീതിശാസ്ത്രം ഉപയോഗിച്ചുള്ള ഗൗരവമായ പഠനങ്ങൾ മലയാളത്തിൽ അധികം ഉണ്ടായിട്ടില്ല എന്നതു തന്നെയാണ് ഈ പഠനത്തിന്റെ പ്രസക്തി.

പ്രബന്ധസ്വരൂപത്തെ നാല് അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ഇതിൽ ആദ്യത്തെ അദ്ധ്യായം *മൊബൈൽ ഫോൺ എന്ന ബഹുജനമാധ്യമം: ചരിത്രവും വർത്തമാനവും* രണ്ട് ഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്. ഇതിൽ ആദ്യഭാഗത്ത് മൊബൈൽ സാങ്കേതികവിദ്യയുടെ ചരിത്രം, വേഗത്തിലുള്ള വികാസപരിണാമം, വ്യവസായം, സേവനദാതാക്കൾ തുടങ്ങി മൊബൈൽ ഫോണുമായി ബന്ധപ്പെട്ട എല്ലാ അടിസ്ഥാനകാര്യങ്ങളും കണക്കുകൾ ഉദ്ധരിച്ച് വിശദീകരിക്കുന്നു. അതോടൊപ്പംതന്നെ മൊബൈൽ ഫോണിനെ കേന്ദ്രീകരിച്ചു രൂപപ്പെട്ട ഡിസൈൻ സംസ്കാരവും ഇവിടെ പഠനവിധേയമാക്കുന്നു.

അദ്ധ്യായത്തിന്റെ രണ്ടാം ഭാഗത്തിൽ ബഹുജനമാധ്യമം എന്ന നിലയിൽ മൊബൈൽ ഫോണിന്റെ പ്രസക്തിയും പ്രാധാന്യവും വിലയിരുത്തുന്നു. ബഹുജനമാധ്യമങ്ങളുടെ സ്വഭാവവും ഘടനയും അവയുടെ സാമൂഹികധർമ്മങ്ങളും വിശദീകരിച്ചുകൊണ്ട് നവമാധ്യമങ്ങൾ എപ്രകാരമാണ് ബഹുജനമാധ്യമങ്ങളുടെ ഗണത്തിൽ വരുന്നത് എന്ന അന്വേഷണമാണിവിടെ നടത്തുന്നത്. നവമാധ്യമസങ്കല്പത്തെ കേന്ദ്രീകരിച്ചാണ് മൊബൈൽ ഫോണിനെക്കുറിച്ചുള്ള പഠനം പ്രബന്ധത്തിൽ നിർവ്വഹിച്ചിരിക്കുന്നത്. നവമാധ്യമങ്ങളെ വിശദമായ പഠനത്തിനു വിധേയമാക്കുന്നതിനോടൊപ്പംതന്നെ പരമ്പരാഗത ബഹുജനമാധ്യമങ്ങളുമായുള്ള താരതമ്യപഠനവും നടത്തുന്നു. അടിസ്ഥാനപരമായി ഒരേ ധർമ്മങ്ങൾ തന്നെയാണ് നിർവ്വഹിക്കുന്നതെങ്കിലും ഇവയുടെ മാധ്യമ ഉള്ളടക്കത്തിലും അവയുടെ ആവിഷ്കരണ രീതികളിലും ഉല്പാദന-വിതരണ ക്രമീകരണങ്ങളിലും അവ സമൂഹത്തിലുണ്ടാക്കുന്ന സ്വാധീനങ്ങളിലും വ്യത്യസ്തതകൾ നിലനിൽക്കുന്നു. നവമാധ്യമങ്ങളുടെയും മൊബൈൽ ഫോണിന്റെയും തനത് സവിശേഷതകളും വ്യതിരിക്തകളും മൂലം മൊബൈൽ ഫോണിനെ കേന്ദ്രീകരിച്ചു പുതിയൊരു മാധ്യമസംസ്കാരം തന്നെ രൂപപ്പെട്ടിരിക്കുന്നു.

നവമാധ്യമങ്ങളിൽ മൊബൈൽ ഫോണിനെ ശ്രദ്ധേയമാക്കുന്ന മുഖ്യഘടകം അതിന്റെ ജന്മസിദ്ധമായ സവിശേഷതകളും രൂപഘടനയും വൈവിദ്ധ്യമാർന്ന ഉപയോഗങ്ങളും ലളിതമായ നിർവ്വഹണവുമാണ്. കൂടാതെ മാധ്യമസമന്വയം അതിന്റെ വികസിതരൂപത്തിൽ മൊബൈൽ ഫോണിൽ സാക്ഷാത്കരിക്കപ്പെടുന്നു. മാധ്യമങ്ങളുടെ ഉടമസ്ഥാവകാശം, കൗശലം, ഘടന, വിവരം, ശേഖരണം, അവതരണം തുടങ്ങി വ്യത്യസ്തമേഖലകളിൽ മാധ്യമസമന്വയം സ്വാധീനം ചെലുത്തുന്നു. ഇതിനെ പല നിലകളിൽ വർഗ്ഗീകരിക്കാമെങ്കിലും ഇവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് സാങ്കേതികസമന്വയം, ഉപകരണസമന്വയം തുടങ്ങിയവയയാണ്.

ശബ്ദവിളിയും (Voice call) എസ്.എം.എസുമായിരുന്നു ആദ്യകാല മൊബൈൽ ഫോൺ സേവനങ്ങൾ. പക്ഷേ, ഇന്ന് രണ്ടാം തലമുറ (2 ജി), മൂന്നാം തലമുറ (3 ജി) ഫോണുകളുടെ വികാസത്തോടുകൂടി വാർത്താസേവനം, വിനോദം, പരസ്യം, വിവരം, അറിയിപ്പ്, പ്രചരണം തുടങ്ങി വ്യത്യസ്തതലങ്ങളിലുള്ള സേവനങ്ങളുമായി ബഹുജനമാധ്യമങ്ങളുടെ ഗണത്തിലേക്ക് മൊബൈൽ ഫോൺ സേവനങ്ങൾ വികസിച്ചു. കാലഗണനയനുസരിച്ച് മൊബൈൽ ഫോണിനെ 'ഏഴാമത്തെ ബഹുജനമാധ്യമം' എന്നു വിശേഷിപ്പിക്കുന്നു. അച്ചടി, ശബ്ദലേഖനം, ചലച്ചിത്രം, റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവയാണ് യഥാക്രമം ഇതര മാധ്യമങ്ങൾ.

മൊബൈൽ ഫോൺ ഉപകരണം എന്ന നിലയിലും സ്വതന്ത്രാസ്തിത്വമുള്ള മാധ്യമമാണ്. മാധ്യമസമന്വയത്തിന്റെ ഫലമായി മറ്റെല്ലാ മാധ്യമങ്ങളും നവഭാവുകത്വത്തോടെ മൊബൈൽ ഫോണിൽ ചേക്കേറിയിരിക്കുന്നു. മാധ്യമ ഉപഭോഗത്തിന്റെ നവസാംസ്കാരികാനുഭവങ്ങളാണ് ഇതിലൂടെ ലഭിക്കുന്നത്. അതുകൊണ്ടുതന്നെ മൊബൈൽ ഫോൺ മറ്റ് മാധ്യമങ്ങളുടെ അനുകരണമല്ല. മറിച്ച്, പുതിയൊരു മാധ്യമം തന്നെയാണ് എന്നാണ് പഠനം സമർത്ഥിക്കുന്നത്. മാധ്യമം എന്ന നിലയിൽ സമാനതകളില്ലാത്തതും കൃത്യമായി വേർതിരിക്കപ്പെട്ടതുമായ നിരവധി സവിശേഷതകൾ മൊബൈൽ ഫോണിനുണ്ട്. അവ വിശദമായി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു. മൊബൈൽ ഫോണിനെ 'നാലാമത്തെ തിരശ്ശീല' എന്നും വിശേഷിപ്പിക്കുന്നു. ചലച്ചിത്രം, ടെലിവിഷൻ, പി.സി. (Personal Computer) തുടങ്ങിയവയുടേതാണ് ആദ്യ മൂന്ന് തിരശ്ശീലകൾ. ദൃശ്യബോധത്തിൽ അധിഷ്ഠിതമായ ആശയവിനിമയത്തിന്റെയും വിവരകൈമാറ്റത്തിന്റെയും സാധ്യതകളെ സജീവമാക്കിയ മൊബൈൽ ഫോൺ സൈബർ ഇടത്തെ ജനകീയവത്കരിക്കുന്നു.

പ്രബന്ധത്തിന്റെ രണ്ടാം അദ്ധ്യായമാണ് *മൊബൈൽ ഫോൺ: സംസ്കാരിക വിശകലനം*. നവമാധ്യമ സാങ്കേതിക വികാസത്തിന്റെ ഫലമായി പുത്തൻ സാംസ്കാരികാനുഭവങ്ങൾ ലോകത്തുണ്ടായി. ഇതിനെ വിവരവിജ്ഞാനസംസ്കാരം എന്നു വിശേഷിപ്പിക്കുന്നു. ഇന്റർനെറ്റും കമ്പ്യൂട്ടറുമാണ് ഇതിന്റെ കേന്ദ്രസ്ഥാനത്ത് വരുന്നത്. എന്നാൽ മൊബൈൽ ഉപകരണങ്ങളുടെ കണ്ടുപിടുത്തത്തോടും പ്രചരണത്തോടുംകൂടി വിവരവിജ്ഞാനസംസ്കാരം നവഭാവുകത്വത്തോടെ വികസിക്കുകയും രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ഇതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഉപകരണമാണ് മൊബൈൽ ഫോൺ. ഇതിന്റെ സാർവ്വത്രിക പ്രചരണവും വൈവിധ്യമാർന്ന ഉപയോഗങ്ങളും തനത് സവിശേഷതകളും മൂലം ലോകത്ത് പുതിയൊരു സാംസ്കാരികാവസ്ഥ സംജാതമായി. മൊബൈൽ ഫോൺ സംസ്കാരം എന്നാണിതിനെ വിശേഷിപ്പിക്കുന്നത്. ഈ ആശയത്തെ മുൻനിർത്തി മൊബൈൽ ഫോൺ സംസ്കാരത്തിന്റെ വിവധ മേഖലകളെ പഠനവിധേയമാക്കുകയാണ് ഈ അദ്ധ്യായത്തിൽ.

ആശയവിനിമയവും സംസ്കാരവും, സാങ്കേതികവിദ്യയും സംസ്കാരവും തമ്മിലുള്ള ബന്ധത്തെ വിശദീകരിച്ചുകൊണ്ട് ഈ മേഖലയിലുണ്ടാകുന്ന മാറ്റങ്ങൾ എങ്ങനെ സാംസ്കാരിക പരിണാമങ്ങൾക്കു കാരണമാകുന്നുവെന്നാണ് എന്ന് പ്രബന്ധത്തിൽ അന്വേഷിക്കുന്നത്. ആശയവിനിമയ സാങ്കേതികവിദ്യയിലുണ്ടാകുന്ന പരിണാമങ്ങളാണ് സാംസ്കാരിക പരിണാമങ്ങൾക്ക് ആക്കം കൂട്ടുന്നത്. മനുഷ്യശേഷികളുടെ വിപുലനം എന്ന നിലയിലാണ് നവമാധ്യമ സാങ്കേതികവിദ്യകൾ ലോകത്ത് വികസിച്ചത്. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ഇതര അനുബന്ധ സാങ്കേതികതകളുടെയും ഉപകരണങ്ങളുടെയും കണ്ടുപിടുത്തത്തോടും വ്യാപനത്തോടും കൂടിയാണ് വിവരവിജ്ഞാനസംസ്കാരം എന്ന ആശയം സാക്ഷാത്കരിക്കപ്പെട്ടത്. ഡിജിറ്റൽ ആശയവിനിമയത്തിന്റെ ഫലമായി രൂപപ്പെട്ട ആധുനിക സമൂഹത്തെ വിവരവിജ്ഞാനസമൂഹം എന്നും വിശേഷിപ്പിക്കുന്നു. ജനങ്ങളുടെ ഉല്പാദന-വിതരണ ബന്ധങ്ങൾ, വിവരകൈമാറ്റം, തൊഴിൽഘടന, വ്യാപാരം, വ്യവസായം, വിദ്യാഭ്യാസം, സാമ്പത്തികക്രയവിക്രയം, സാംസ്കാരികവിനിമയം തുടങ്ങി വിവിധ മേഖലകളിൽ വിവരവിജ്ഞാനയുഗത്തിൽ സംഭവിക്കുന്ന പരിണാമങ്ങൾ വിശദമായി പ്രബന്ധത്തിൽ വിവരിക്കുന്നുണ്ട്. മൊബൈൽ ഫോൺ സമൂഹത്തിന്റെ അടിസ്ഥാനഘടനയിൽ തന്നെ പൊളിച്ചെഴുത്തുകൾ നടത്തുന്നു. സ്ഥലകാല നിബന്ധനകളും സങ്കല്പങ്ങളും അട്ടിമറിക്കുന്ന മൊബൈൽ ഫോൺ സ്വകാര്യ-പൊതു ഇടങ്ങൾ തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാതാക്കുന്നു. സ്ഥലകാല ബന്ധങ്ങളിൽ അധിഷ്ഠിതമായ സാമൂഹികക്രമങ്ങൾക്കു മാറ്റമുണ്ടാക്കുന്നു.

മൊബൈൽ ഫോൺ സമൂഹത്തിലെ ജനങ്ങളുടെ ജീവിതത്തെ പ്രതീകാത്മകമായി സൂചിപ്പിക്കാനുപയോഗിക്കുന്ന പദമാണ് മൊബൈൽ ജീവിതം. മൊബൈൽ സമൂഹം പൂർണ്ണമായും വ്യവസായവൽകൃത സമൂഹത്തിൽ നിന്ന് വിഭിന്നമാണ്. വ്യവസായം, വ്യാപാരം, തൊഴിൽ, വിനോദം, വിശ്രമം, സാമൂഹികബന്ധങ്ങൾ തുടങ്ങി ജനങ്ങളുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും പുതിയ യുക്തികളും ചിന്തകളും പ്രവർത്തനരീതികളും മൊബൈൽ ഫോൺ സമൂഹത്തിൻ രൂപപ്പെട്ടു. ആശയവിനിമയ സാങ്കേതികവിദ്യ നിത്യ ജീവിതവ്യവഹാരങ്ങളുമായി നേരിട്ട് ഇടപെടുന്നതിനുദാഹരണമാണിത്. എല്ലായ്പ്പോഴും നെറ്റ്വർക്കിന്റെ ഭാഗമായി നിന്നുകൊണ്ടു വളരെ വൈകാരികമായാണ് ജനങ്ങൾ മൊബൈൽ ഫോണിനെ സമീപിക്കുന്നത്. ആശയവിനിമയോപാധി എന്നതിനപ്പുറം ആത്മപ്രകാശത്തിനും വൈകാരികാനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുമുള്ള ചെറിയൊരു യന്ത്രമായി ഇത്

മാറിയിരിക്കുന്നു. ഇത്തരത്തിൽ മൊബൈൽ ഫോണിനെ കേന്ദ്രീകരിച്ചു രൂപപ്പെട്ട വൈയക്തികവും സാമൂഹികവുമായ ജീവിതശൈലിയാണ് മൊബൈൽ ഫോൺ ജീവിതം എന്ന ഭാഗത്ത് ചർച്ച ചെയ്യുന്നത്.

മൊബൈൽ ഫോൺ സമൂഹത്തിന്റെ അടിസ്ഥാനസ്വഭാവം അതിന്റെ ശൃംഖലാവൽക്കരണമാണ്. കേന്ദ്രീകൃത അധികാരഘടനയില്ലാത്തതും ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്നതുമായ നെറ്റ്‌വർക്കിലെ അംഗങ്ങളാണ് മൊബൈൽ ഫോൺ ഉപഭോക്താക്കൾ. ആഗോളഗ്രാമം എന്ന സങ്കല്പത്തിന്റെ പൂർത്തീകരണമാണ് ശൃംഖലാവൽക്കരണസമൂഹത്തിൽ സംഭവിക്കുന്നത്. ഇന്റർനെറ്റും മൊബൈൽ ഫോണും രൂപീകരിച്ച ശൃംഖലാവൽക്കരണസമൂഹത്തിന്റെ സവിശേഷതകളും അത് പകർന്നു നൽകുന്ന സാംസ്കാരികാനുഭവങ്ങളും രണ്ടാമദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നു.

മൊബൈൽ ഫോൺ സംസ്കാരം എന്നത് വളരെ വിപുലമായ അർത്ഥത്തിൽ ഉപയോഗിക്കുന്ന പദമാണ്. വ്യത്യസ്തനിലകളിൽ ഇതിനെ പഠനവിധേയമാക്കാം. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സൈബർ സംസ്കാരവും മൊബൈൽ ഫോണും തമ്മിലുള്ള ബന്ധം. വിവരവിനിമയ സാങ്കേതികവിദ്യയുടെ ഫലമായി രൂപപ്പെട്ട സംസ്കാരത്തിനു പൊതുവെ പറയുന്ന മറ്റൊരു പേരാണ് സൈബർ സംസ്കാരം. ഡിജിറ്റൽ യുഗത്തിലെ ഉപസംസ്കാരം എന്ന നിലയിലാണിതിനെ തിരിച്ചറിഞ്ഞത്. ഇന്റർനെറ്റും കമ്പ്യൂട്ടറുമാണ് സൈബർ സംസ്കാരത്തിന്റെ മുഖ്യചാലകം. സൈബർ ഇടത്തെകുറിച്ചുള്ള പഠനത്തിൽനിന്നാണ് സൈബർ സംസ്കാരത്തെക്കുറിച്ചുള്ള പഠനം ആരംഭിക്കുന്നത്. പ്രബന്ധത്തിൽ ഈ രണ്ടു കാര്യങ്ങളും വളരെ വിശകലനം ചെയ്യുന്നു. മൊബൈൽ ഇന്റർനെറ്റിന്റെ വ്യാപനത്തോടുകൂടിയാണ് സൈബർ സംസ്കാരം സമൂഹത്തിന്റെ താഴെത്തട്ടിൽവരെയെത്തിയത്. സദാസമയവും സൈബർലോകത്ത് സജീവമായ ജനങ്ങൾ മൊബൈൽ സംസ്കാരത്തെ പുതിയതലങ്ങളിലേക്ക് വികസിപ്പിച്ചു. അതീവ സൂക്ഷ്മതയോടുകൂടി മൊബൈൽ ഫോണിന്റെ എല്ലാ സൗകര്യങ്ങളും ഉപയോഗിക്കുന്നവരും കൂടുതൽ വൈകാരികതയോടുകൂടി സമീപിക്കുന്നതും യുവജനങ്ങളാണ്. അതുകൊണ്ടുതന്നെ പൊതുവായ മൊബൈൽ സംസ്കാരത്തിനുള്ളിൽ യുവജനങ്ങളെ കേന്ദ്രീകരിച്ചു കൂടുതൽ ചലനാത്മകവും തീവ്രവുമായ ഒരു ഉപസംസ്കാരവും രൂപപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മൊബൈൽ ഫോൺ സംസ്കാരത്തിന്റെ വിവിധ വശങ്ങളും അതിൽ രൂപപ്പെട്ട ഉപസംസ്കാരങ്ങളെക്കുറിച്ചുള്ള പഠനമാണ് രണ്ടാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് നിർവ്വഹിച്ചിരിക്കുന്നത്.

പ്രബന്ധത്തിന്റെ മൂന്നാം അദ്ധ്യായമാണ് *എസ്.എം.എസ്. : ഭാഷയുടെയും മാധ്യമീകരണത്തിന്റെയും പുതുവഴക്കങ്ങൾ*. മൊബൈൽ ഫോണിന്റെ അടിസ്ഥാനസൗകര്യങ്ങളിലൊന്നാണ് എസ്.എം.എസ്. എങ്കിലും സ്വതന്ത്രാസ്തിത്വവും തനത് സവിശേഷതകളുമുള്ള മാധ്യമം എന്ന നിലയിലാണിതിനെ പരിഗണിക്കുന്നത്. അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് എസ്.എം.എസുകളുടെ ചരിത്രവും വർത്തമാനവും രേഖപ്പെടുത്തിയിരിക്കുന്നു. വിലകുറഞ്ഞ ഫോണിൽ വരെ ലഭ്യമാകുന്ന ഈ സംവിധാനം ഇന്ന് സാർവ്വത്രികമായ ആശയവിനിമയ മാധ്യമമാണ്. ലിഖിത രൂപത്തിലുള്ള ആശയവിനിമയ മാധ്യമം എന്നതിനപ്പുറം ഇത് നിർവ്വഹിക്കുന്ന സാമൂഹികവും സാംസ്കാരികവുമായ ധർമ്മങ്ങളും നിത്യജീവിതവുമായി ബന്ധപ്പെട്ടു നിറവേറ്റുന്ന ഇതര സേവനങ്ങളുമാണ് എസ്.എം.എസുകളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത്. ബഹുജനമാധ്യമം എന്ന നിലയിൽ എസ്.എം.എസുകളെ പ്രസക്തമാക്കുന്ന ഘടകങ്ങളും രാഷ്ട്രീയ-സാമൂഹികരംഗങ്ങളിൽ നടത്തുന്ന ഇടപെടലുകളും ഉദാഹരണസഹിതം വിവരിച്ചിട്ടുണ്ട്. മൊബൈൽ ഫോൺ സംസ്കാരത്തിന്റെ ഉപസംസ്കാരം

എന്ന നിലയിൽ പരിമിതമായ തോതിലാണെങ്കിലും എസ്.എം.എസുകൾ തനത് സവിശേഷതകളുള്ള ഒരു സംസ്കാരം തന്നെ രൂപപ്പെടുത്തിയിട്ടുണ്ട്. എസ്.എം.എസ്. അധിഷ്ഠിത ശൃംഖലാവൽകൃതസമൂഹത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളും അവയുടെ സാധ്യതകളും, കൂടാതെ എസ്.എം.എസ്. ഭാഷയിലുണ്ടാക്കിയ സ്വാധീനങ്ങളും ഭാഷാപരിണാമങ്ങളും ഇവിടെ ചർച്ചാവിഷയമാണ്. പ്രബന്ധത്തിൽ മുഖ്യമായും ലിഖിതഭാഷയിലുണ്ടായ ഭാഷാപരിണാമങ്ങളാണ് പഠനവിധേയമാക്കുന്നത്. എസ്.എം.എസുകളുടെ തനത് സവിശേഷതകളും ജന്മസിദ്ധമായ പരിമിതികളും മൂലം ആഗോളവ്യാപകമായി ഒരു എസ്.എം.എസ്. ഭാഷ രൂപപ്പെട്ടുവന്നിട്ടുണ്ട്. ഈ ഭാഷയെ സംബന്ധിച്ച ഏതൊരു പഠനവും ആരംഭിക്കുന്നത് ഇന്റർനെറ്റ് ഭാഷയിൽനിന്നാണ്. കാരണം ഇന്റർനെറ്റ് ഭാഷയുടെ സ്വാധീനവും അനുകരണവും വലിയ തോതിൽ എസ്.എം.എസ്. ഭാഷയിലുണ്ട്. ഭാഷാപരമായി പ്രാദേശികവും ദേശീയവുമായ വിവിധ ഘടകങ്ങളുടെ പരസ്പരസമ്പർക്കത്തിന്റെ ഫലമായി പുതിയൊരു സങ്കരഭാഷ തന്നെ രൂപപ്പെടുന്നു. ഇതാണ് ഭാഷാശ്ലോക്കലൈസേഷൻ പ്രകിയയുടെ അടിസ്ഥാനം. ദക്ഷിണേന്ത്യൻ സംസ്ഥാനമായ കേരളത്തിലെ മാതൃഭാഷയായ മലയാളത്തെ അടിസ്ഥാനമാക്കിയാണ് ഭാഷാശ്ലോക്കലൈസേഷനും ഇന്റർനെറ്റും മൊബൈൽ ഫോണും തമ്മിലുള്ള ബന്ധത്തെ വിശദീകരിക്കുന്നത്. മലയാളഭാഷയിൽനിന്നും രൂപപ്പെട്ട 'മംഗ്ലീഷ്' ഭാഷ ഭാഷാശ്ലോക്കലൈസേഷന്റെ ഉത്തമ ഉദാഹരണമാണ്.

ആഗോള എസ്.എം.എസ്. ഭാഷയെ സ്വതന്ത്രാസ്തിത്വമുള്ള ഭാഷാവൈവിധ്യം എന്ന നിലയിലാണ് ഇന്ന് പരിഗണിക്കുന്നത്. പ്രാദേശികഭാഷാഭേദം എന്ന നിലയിലിത് ലോകം മുഴുവൻ സ്വീകരിക്കപ്പെടുന്നു. ആശയവിനിമയമാണ് ഈ ഭാഷയുടെ മുഖ്യലക്ഷ്യമെങ്കിലും ഇന്നത് ആത്മാവിഷ്കാരത്തിന്റെയും സർഗ്ഗാത്മകതയുടെയും ഭാഗമാണ്. പരമ്പരാഗതഭാഷയുടെ വിവിധ ഘടകങ്ങളിൽ മൗലികമായ മാറ്റം വരുത്തിക്കൊണ്ടാണ് എസ്.എം.എസ്. ഭാഷ വികസിച്ചത്. യുവജനങ്ങളുടെയിടയിൽ രൂപപ്പെട്ട ഉപസംസ്കാരത്തിന്റെ ഭാഷ എന്ന നിലയിലാണ് ഇത്തരം ഭാഷാപ്രയോഗങ്ങൾ വികസിച്ചതെങ്കിലും ഇന്നത് പ്രായഭേദമെന്യേ എല്ലാവരും ഉപയോഗിക്കുന്നു. സംസാരഭാഷയിൽ പോലും എസ്.എം.എസ്. ഭാഷയുടെ ഉച്ചാരണം ഗ്രാമ്യഭാഷാപ്രയോഗം (Slang) പോലെ കടന്നുവരുന്നു. കീപാഡ് ചിഹ്നങ്ങളും ഇംഗ്ലീഷ് അക്ഷരങ്ങളും ഉപയോഗിച്ചു രൂപീകരിച്ച എസ്.എം.എസ്. ഭാഷയ്ക്കു ആവശ്യമായ പദകോശങ്ങളും ചുരുക്കെഴുത്തുകളും രൂപപ്പെട്ടു വരുന്നതിന്റെ അലിഖിത നിയമങ്ങളും പ്രയോഗരീതികളും പരിമിതികളും സാധ്യതകളും പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നു.

ഭാഷാശ്ലോക്കലൈസേഷൻ പ്രക്രിയയെ സജീവമാക്കിയത് മൊബൈൽ ഫോണുകളാണ്. കാരണം ഡിജിറ്റൽ അസമത്വത്തെ ലഘൂകരിക്കുന്ന മൊബൈൽ ഫോൺ ഇന്ന് ഈ സാങ്കേതികവിദ്യ ഉപയോഗിക്കാൻ പ്രാപ്തിയുള്ള ബഹുഭൂരിപക്ഷം പേരും ഇതിന്റെ പ്രയോക്താക്കളാണ്. ഉയർന്ന മൊബൈൽ സാങ്കേതികവിദ്യയുടെ ഫലമായി ഇംഗ്ലീഷ് കീപാഡ് ഉപയോഗിച്ചുകൊണ്ടു മലയാളം ടൈപ്പ് ചെയ്യാം. ഇത് സാങ്കേതികവിദ്യയിലധിഷ്ഠിതമായ ഭാഷാശ്ലോക്കലൈസേഷന്റെ പുതിയ സാധ്യതകളാണ് തുറന്നുതരുന്നത്. മൊബൈൽ ഫോണിലൂടെയുള്ള ഭാഷാശ്ലോക്കലൈസേഷൻ പ്രക്രിയയെക്കുറിച്ച് അതിവിപുലമായ പഠനം തന്നെ മൂന്നാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് നടത്തിയിട്ടുണ്ട്. പ്രബന്ധത്തിന്റെ ക്രോഡീകരണവും കണ്ടെത്തലുകളും നിഗമനങ്ങളുമാണ് അവസാന അദ്ധ്യായമായ ഉപസംഹാരത്തിൽ ചേർത്തിരിക്കുന്നത്.